# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# ദൈവം അയച്ച ഒരു മനുഷ്യൻ


**എഴുതിയത്**: Edward Hughes
**ഉദാഹരണം** : Byron Unger; Lazarus
**അംഗീകരിച്ചത്**: Rev. Benny
**തർജ്ജിമ ചെയുതത്**: E. Frischbutter; Sarah S.


കഥ 37-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


**മലയാളം**

Malayalam

ഒരുദിവസം ദൈവത്തിന്റെ മന്ദിരത്തിന്റെ ഉള്ളിൽ സെഖര്യാവ് എന്ന വൃദ്ധനായ ഒരു പുരോഹിതൻ ധൂപം കാട്ടിക്കൊണ്ടിരിക്കയായിരുന്നു. പുറത്ത് ജനങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് സെഖര്യാവ് ഭയന്നുവിറച്ചു.



1

ഒരു ദൂതൻ വന്ന് ഇങ്ങനെ പറഞ്ഞു, ‘‘ഭയപ്പെടേണ്ട, ദൈവമാണ് എന്നെ അയച്ചത്. നിന്റെ ഭാര്യ ഒരു മകനെ പ്രസവിക്കും. അവനെ യോഹന്നാൻ എന്നു വിളിക്കണം.



2

ജന്മനാ അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കും അവൻ അനേകരെ ദൈവത്തിങ്കലേക്ക് തിരിക്കും.”



3

പുറത്ത് കാത്തുനിന്നവർ ആശ്ചര്യപ്പെട്ടു. “സെഖര്യാവേ, ഞങ്ങളോട് സംസാരിക്കുക.” പുത്രൻ ജനിക്കുന്നതുവരെ സെഖര്യാവിന് സംസാരിക്കുവാൻ കഴിയുകയില്ലെന്ന് ദൂതൻ പറഞ്ഞ വിവരം അവർ അറിഞ്ഞിരുന്നില്ല.



4

ദൈവം നല്കിയ ദൂത് സെഖര്യാവ് വിശ്വസിക്കാതിരുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. തന്റെ ഭാര്യ വൃദ്ധയായതുകൊണ്ട് എങ്ങനെ ഒരു മകൻ ജനിക്കുമെന്ന് അദ്ദേഹം ചിന്തിച്ചുപോയി.



5

വീട്ടിൽ ചെന്നപ്പോൾ, ദൂതൻ തന്നോടു പറഞ്ഞത് മുഴുവൻ സെഖര്യാവ് എഴുതിവച്ചു. തന്റെ ഭാര്യ എലിസബേത്ത് അത്ഭുതപ്പെട്ടുപോയി. അവർ ഒരു കുട്ടിക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുമായിരുന്നു. ഇത് ഇപ്പോൾ സാധ്യമാകുമോ?



6



പെട്ടെന്നുതന്നെ എലിസബേത്തിനു മനസിലായി, ഒരു കുട്ടി ജനിക്കാൻ പോകുന്നു. അവൾ ദൈവത്തെ സ്തുതിച്ചു. ഒരു ദിവസം എലിസബേത്തിന്റെ കസിൻ മറിയ വീട്ടിൽ വന്നു. മറിയയും ഒരു അമ്മയാകാൻ പോവുകയാണ്.

7



മറിയ വന്നപ്പോൾ തന്റെ വയറ്റിൽ കുട്ടി തുള്ളിച്ചാടുന്നത് എലിസബേത്ത് അറിഞ്ഞു. എലിസബേത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. മറിയയുടെ കുട്ടി കർത്താവായ യേശുക്രിസ്തുവാണെന്ന് എലിസബേത്ത് അറിഞ്ഞു. ആ രണ്ടു സ്ത്രീകളും ഒരുമിച്ച് ദൈവത്തെ മഹത്വപ്പെടുത്തി.

8


ദൈവം വാഗ്ദത്തം
ചെയ്തിരുന്നതുപോലെ
എലിസബേത്തിന്റെ മകൻ ജനിച്ചു.
“തന്റെ പിതാവിനെപ്പോലെ അവനെ
സെഖര്യാവ് എന്ന് വിളിക്കുക.”
മറ്റു പുരോഹിതന്മാർ പറഞ്ഞു.
സെഖര്യാവ് ദൈവത്തിന്റെ
കല്പന ഓർത്തു. “അല്ല,
കുട്ടിയുടെ പേര്
യോഹന്നാൻ
എന്നാണ്.”
9


ഈ വാക്കുകൾ സെഖര്യാവ്
എഴുതിയപ്പോൾ അദ്ദേഹത്തിന്റെ
സംസാരശേഷി തിരികെ വന്നു.
പിന്നെ അദ്ദേഹം ദൈവത്തെ
മഹത്വപ്പെടുത്തി.
10


യോഹന്നാൻ വളർന്നപ്പോൾ,
അദ്ദേഹം ശ്രേഷ്ഠനായ
ദൈവമനുഷ്യനായിരുന്ന
ഏലിയാവിനെപ്പോലെയായിത്തീർ
ന്നു. അവരെ അനുഗ്രഹിക്കുവാൻ
മശിഹാ എത്രയും പെട്ടെന്ന്
വരുന്നുവെന്ന് യോഹന്നാൻ
പറഞ്ഞു.
11


യെഹൂദ നേതാക്കന്മാർ
യോഹന്നാനെ വെറുത്തു.
കാരണം അവൻ അവരോടു
പറഞ്ഞിരുന്നു, “പാപം
ചെയ്യുന്നത് നിർത്തി
മാനസാന്തരപ്പെടുക”
യെന്ന്. അവർ തങ്ങളുടെ
പാപത്തെക്കുറിച്ച് കേൾക്കാൻ
ആഗ്രഹിച്ചില്ല.
12


തങ്ങൾ പാപികളായതുകൊണ്ട് മാനസാന്തരപ്പെടുകയും
സ്നാനപ്പെടുകയും വേണമെന്നു പറഞ്ഞ്
യോഹന്നാൻ അവരെ വെള്ളത്തിൽ
മുക്കിയതുകൊണ്ട് അവർ അവനെ
സ്നാപകയോഹന്നാൻ
എന്നു വിളിച്ചു. ഒരു
ദിവസം യേശു
സ്നാനപ്പെടുവാൻവേണ്ടി
യോഹന്നാന്റെ
അടുക്കൽ
വന്നു.
13


“നീ എന്നെയാണ് സ്നാനപ്പെടുത്തേണ്ടത്,”
യോഹന്നാൻ എതിർത്തു. എന്നാൽ
യേശു പറഞ്ഞു: “ഇപ്പോൾ
സമ്മതിക്ക.” അങ്ങനെ
യോഹന്നാൻ
യേശുവിനെ
സ്നാനപ്പെടുത്തി.
14

യേശുവിന്റെ സ്നാനത്തിനുശേഷം പരിശുദ്ധാത്മാവ് പ്രാവ് എന്നപോലെ യേശുവിന്റെമേൽ വരുന്നത് യോഹന്നാൻ കണ്ടു. ഇത് ദൈവത്തിന്റെ അടയാളം ആയിരുന്നു.



15

യേശു ദൈവപുത്രൻ എന്ന് യോഹന്നാന് അറിയാമായിരുന്നു. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നാണ് യോഹന്നാൻ യേശുവിനെ വിളിച്ചത്.



16



യോഹന്നാൻ ധാരാളം ജനങ്ങളെ ദൈവത്തിങ്കലേക്ക് നയിച്ചു. എന്നാൽ ദുഷ്ടനായ ഭരണാധികാരിയായിരുന്ന ഹെരോദാവ് യോഹന്നാനെ ജയിലിൽ അടച്ചു.

17



“നിന്റെ സഹോദരന്റെ ഭാര്യയായ ഹെരോദ്യയെ നിന്റെ ഭാര്യയായി എടുക്കുന്നത് പാപമാണെന്ന്” യോഹന്നാൻ ഹെരോദാവിനോട് പറഞ്ഞിരുന്നു. അത് സത്യമാണെന്ന് ഹെരോദാവിനും അറിയാമായിരുന്നു.

18



നീതിമാനും വിശുദ്ധനുമായ ഈ മനുഷ്യൻ ദൈവത്തിന്റെ ദാസനാണെന്നും ഹെരോദാവിന് അറിയാമായിരുന്നു. പക്ഷേ, പാപം ചെയ്യുന്നത് മതിയാക്കുവാൻ ഹെരോദാവ് താത്പര്യപ്പെട്ടില്ല.

19

ജയിലിൽ പോകേണ്ടിവന്നാൽപോലും പാപത്തിന് എതിരായി പ്രസംഗിക്കുന്നത് മതിയാക്കുവാൻ യോഹന്നാനും താത്പര്യപ്പെട്ടില്ല.



20

തന്റെ ജന്മദിനത്തിൽ ഹെരോദാവ് ഒരു വലിയ വിരുന്നൊരുക്കി. ഹെരോദ്യയുടെ മകൾ നൃത്തം ചെയ്തു. അത് ഹെരോദാവിന് പ്രസാദമായി. ''നിനക്ക് വേണ്ടത് എന്താണങ്കിലും, രാജ്യത്തിന്റെ പകുതിയാണെങ്കിൽപോലും ചോദിക്കുക ഞാൻ തരാം'' ഹെരോദാവ് അവൾക്ക് വാക്കുകൊടുത്തു.



21

''ഞാൻ എന്താണ് ചോദിക്കേണ്ടത്'' എന്ന് അവൾ ചിന്തിച്ചു. യോഹന്നാനെ വെറുക്കുന്ന നീച സ്ത്രീയായ അവളുടെ അമ്മ ഹെരോദ്യ അവളോട് ഉപദേശിച്ചു എന്താണ് ചോദിക്കേണ്ടത് എന്ന്. അത് ഭയങ്കരമായിരുന്നു!



22

ആ പെൺകുട്ടി ഹെരോദാവിനോട് പറഞ്ഞു, ''യോഹന്നാൻ സ്പാനകന്റെ തല ഒരു പ്ലെയിറ്റിൽ വച്ച് തരേണം.'' തന്റെ വാക്കുകൾ ഓർത്ത് ഹെരോദാവ് പശ്ചാത്തപിച്ചു എന്നാൽ അത് തനിക്ക് പാലിക്കാതിരിക്കാനും സാധ്യമല്ല. ഹെരോദാവ് ഉത്തരവിട്ടു. ''യോഹന്നാന്റെ തല വെട്ടി ഇവിടെ കൊണ്ടുവരിക.'' തന്റെ പട്ടാളക്കാർ അത് അനുസരിച്ചു.



23

വിശ്വസ്തനും ധീരനുമായ ആ ദൈവദാസന്റെ ശവശരീരം തന്റെ ശിഷ്യന്മാർ ദുഃഖത്തോടെ അടക്കി. ദൈവത്തിനുവേണ്ടിയുള്ള യോഹന്നാന്റെ വേല ഇവിടെ തീർന്നിരിക്കയാണ്. അവരുടെ ദുഃഖത്തിൽ യേശു അവരെ ആശ്വസിപ്പിക്കുമെന്ന് അവർ ചിന്തിച്ചിരിക്കണം.



24

ദൈവം അയച്ച ഒരു മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മർക്കൊസ് 6, ലൂക്കൊസ് 1, 3

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ച അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ച ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.